**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 26** — **10-06-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സിന്റെ ഭാഗമായി ലഭിച്ച പരാതികളുടെ എണ്ണവും, അതിൽ 45 ദിവസത്തിനുള്ളിൽ തീർപ്പാക്കിയ പരാതികളുടെ എണ്ണവും, നാളിതുവരെ തീർപ്പാക്കിയ പരാതികളുടെ എണ്ണവും, ഇനിയും തീർപ്പ് കൽപ്പിക്കാൻ അവശേഷിക്കുന്ന പരാതികളുടെ എണ്ണവും ഉൾപ്പെടെയുള്ള വിശദാംശം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | 6,43,099 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 5,33,649 പരാതികളിൽ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്.<br><br>അപേക്ഷകളിൽ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങൾ എടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ കൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനു പുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനം എടുക്കാൻ കഴിയൂ.<br><br>തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ലഭ്യമാണ്. |
| (ബി) | നവകേരള സദസ്സ് സംഘടിപ്പിച്ചതിന്റെ ഭാഗമായി സർക്കാർ അനുവദിച്ചതും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയതും സ്പോൺസർഷിപ്പിനത്തിൽ കണ്ടെത്തിയതും ഉൾപ്പെടെ ആകെ സമാഹരിച്ച തുകയും ചെലവഴിച്ച തുകയും നിയോജക മണ്ഡലാടിസ്ഥാനത്തിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ബി) | മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച സംഘാടകസമിതികൾ സ്പോൺസർഷിപ്പിലൂടെയും മറ്റുമാണ് പരിപാടി സംഘടിപ്പിച്ചത്. ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ